**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **13-07-2022 - ൽ മറുപടിയ്ക്ക്**

**തോടുകൾ നികത്തുന്നവർക്കെതിരെയുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചെറിയ തോടുകളും ജല ആഗമന നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്നവർക്കെതിരെ നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | ചെറിയ തോടുകളും ജല ആഗമന നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്ന, ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരസമിതി കൃഷി ചെയ്യുന്ന 40 ഏക്കറോളം വരുന്ന നെൽവയലിലേക്ക് വെള്ളം എത്തിച്ചേരുന്ന തോട് സ്വകാര്യ വ്യക്തി കയ്യേറി കൈവശസ്ഥലത്തോട് ചേർത്ത് മതിലുകെട്ടിയതിനാൽ കർഷകർക്ക് ഈ വർഷം കൃഷി ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | പെരുവയൽ പാടശേഖര സമിതി സെക്രട്ടറിയുടെ പരാതിയിന്മേൽ ജില്ലാ കളക്ടർ തലശ്ശേരി സബ് കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും, തൃപ്പങ്ങോട്ടൂർ അംശം പൊയിലൂർ ദേശം റീ.സ. 210/2-ൽ, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ, ശ്രീ.പാലത്തൊടി വിനോദൻ എന്നയാൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അനധികൃതമായി തോട്ടിൽ കല്ല് വെച്ച് മതിൽ കെട്ടി നെൽവയലിലേക്കുള്ള ഒഴുക്കിനെ തടസപ്പെടുത്തിയതിനെതിരെ, നെൽവയൽ നിയമത്തിലെ വകുപ്പ് 13 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്ത് കൊണ്ട്, തലശ്ശേരി സബ് കലക്ടർ, കണ്ണൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ് .<br><br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമാനുസൃത നടപടികൾ തുടർന്ന് വരികയാണ്. |
| (സി) | പ്രസ്തുത പാടശേഖര സമിതി സെക്രട്ടറി രേഖാമൂലം നൽകിയ പരാതിയിൽ 3 മാസം കഴിഞ്ഞിട്ടും നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | പെരുവയൽ പാടശേഖര സമിതി സെക്രട്ടറിയുടെ പരാതിയിന്മേൽ ജില്ലാ കളക്ടർ തലശ്ശേരി സബ് കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും, തൃപ്പങ്ങോട്ടൂർ അംശം പൊയിലൂർ ദേശം റീ.സ. 210/2-ൽ, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ, ശ്രീ.പാലത്തൊടി വിനോദൻ എന്നയാൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അനധികൃതമായി |

| | | | |
|---|---|---|---|
| | | | തോട്ടിൽ കല്ല് വെച്ച് മതിൽ കെട്ടി നെൽവയലിലേക്കുള്ള ഒഴുക്കിനെ തടസപ്പെടുത്തിയതിനെതിരെ, നെൽവയൽ നിയമത്തിലെ വകുപ്പ് 13 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്ത് കൊണ്ട്, തലശ്ശേരി സബ് കലക്ടർ, കണ്ണൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ് .<br><br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമാനുസൃത നടപടികൾ തുടർന്ന് വരികയാണ്. |
| (ഡി) | പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പെരുവയൽ പാടശേഖര സമിതി സെക്രട്ടറിയുടെ പരാതിയിന്മേൽ ജില്ലാ കളക്ടർ തലശ്ശേരി സബ് കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും, തൃപ്പങ്ങോട്ടൂർ അംശം പൊയിലൂർ ദേശം റീ.സ. 210/2-ൽ, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ, ശ്രീ.പാലത്തൊടി വിനോദൻ എന്നയാൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, അനധികൃതമായി തോട്ടിൽ കല്ല് വെച്ച് മതിൽ കെട്ടി നെൽവയലിലേക്കുള്ള ഒഴുക്കിനെ തടസപ്പെടുത്തിയതിനെതിരെ, നെൽവയൽ നിയമത്തിലെ വകുപ്പ് 13 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്ത് കൊണ്ട്, തലശ്ശേരി സബ് കലക്ടർ, കണ്ണൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ളതാണ് .<br><br>പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമാനുസൃത നടപടികൾ തുടർന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ